# പത്രക്കുറിപ്പ്

## ക്രിസ്തുമസ്/പുതുവത്സരാഘോഷക്കാലത്ത് നഗരത്തിൽ പോലീസിന്റെ കനത്ത സുരക്ഷ; ബീച്ചുകൾ നിരീക്ഷിക്കാൻ ഒളിക്യാമറകളും

തിരുവനന്തപുരം: ക്രിസ്തുമസ്/പുതുവത്സരാഘോഷ വേളയിൽ നഗരത്തിൽ കനത്ത സുരക്ഷ ഒരുക്കി സിറ്റി പോലീസ് രംഗത്ത്. നഗരം നിയന്ത്രിക്കാൻ സിറ്റി പോലീസ് കമ്മീഷണറുടെ കീഴിൽ 2 ഡി.സി.പി മാർഉൾപ്പടെ കൂടുതൽ പോലീസുകാരെ വിന്യസിക്കും. മോഷണം, കവർച്ച, തുടങ്ങിയ ക്രമസമാധാന പ്രശ്നങ്ങൾ തടയാൻ മുൻകേസുകളിൽ ഉൾപ്പെട്ടവരെ നിരീക്ഷണത്തിലാക്കി, കുഴപ്പക്കാരെ കരുതൽ അറസ്റ്റ് ചെയ്ത് ജയിലിലയ്ക്കും. മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെയും ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെയും കർക്കശ നടപടി എടുക്കുമെന്ന് സിറ്റി പോലീസ് കമ്മീഷണർ പി. പ്രകാശ് അറിയിച്ചു.

നഗരത്തിന്റെ മുക്കും മൂലയും നിരീക്ഷിക്കാൻ കൺട്രോൾ റൂമിലെ നിലവിലുള്ള ക്യാമറകൾക്ക് പുറമെ പ്രധാന തിരക്ക് അനുഭവപ്പെടുന്ന കോവളം, ശംഖുമുഖം, മ്യൂസിയം, കനകകുന്ന് തുടങ്ങിയ സ്ഥലങ്ങളിൽ കുഴപ്പക്കാരെ പിടിക്കുവാനായി പോലീസ് നിരവധി ഒളിക്യാമറകളും, ഇപ്രാവശ്യം സ്ഥാപിക്കുമെന്നും കമ്മീഷണർ പി. പ്രകാശ് അറിയിച്ചു. കൂടാതെ പോക്കറ്റടി, സ്ത്രീകളെ ശല്യം ചെയ്യൽ, തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുന്നതിനായി വാഹനങ്ങളിൽ മൂവിംഗ് ക്യാമറകൾ ഘടിപ്പിച്ച് നഗരത്തിലുടനീളം പ്രത്യേക പട്രോളിംഗ് നടത്തും. ഇതിനുപുറമെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.ഐ ഓഫീസുകളിലും നൽകിയിട്ടുള്ള ക്യാമറകൾ ഉപയോഗിച്ചും നിരീക്ഷണം ശക്തമാക്കും.

അവധിക്കാലത്ത് വീട് പൂട്ടി യാത്ര പോകുന്നവർ പ്രസ്തുത വിവരം തൊട്ടടുത്ത പോലീസ് സ്റ്റേഷനിലോ ജനമൈത്രി സുരക്ഷാ ബീറ്റ് ഓഫീസർമാരെയോ അറിയിക്കുകയും, അവശ്യകാര്യങ്ങൾക്കായി ബന്ധപ്പെടേണ്ട

ഫോൺ നമ്പർ റസിഡന്റ്സ് അസ്സോസ്സിയേഷൻ ഭാരവാഹികളെയും മറ്റും ഏൽപ്പിക്കണമെന്നും കൂടുതൽ ദിവസം വീട് പൂട്ടി പോകുന്നവർ ആ വിവരം തൊട്ടടുത്ത വീട്ടുകാരെയും പത്രം, പാൽ വിതരണക്കാരെയും അറിയിക്കുകയും, വീടുകൾ വേലക്കാരെയോ മറ്റുള്ളവരെയോ ഏൽപ്പിച്ച് പോകുന്നവർ അവരുടെ പൂർണ്ണമായ മേൽവിലാസം അറിഞ്ഞിരിക്കേണ്ടതുമാണെന്നും സിറ്റി പോലീസ് കമ്മീഷണർ പി. പ്രകാശ് അറിയിച്ചു. വീട് പൂട്ടി യാത്ര പോകുന്നവരുടെ വീടുകൾ കേന്ദ്രീകരിച്ച് സി.ഐ, എസ്സ്.ഐ, ജനമൈത്രി ബീറ്റ് ഓഫീസർമാർ, മറ്റ് പട്രോളിംഗ് ഉദ്യോഗാസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക സംഘങ്ങളായി തിരിഞ്ഞ് ദിവസേന റോന്ത് ചുറ്റി നിരീക്ഷിക്കുകയും പട്രോളിംഗിന്റെ ഭാഗമായി പകലും രാത്രിയിലും ഇടറോഡുകൾ പരിശോധിക്കുന്നതിന് ബൈക്ക് ബൂസ്റ്റർ പട്രോളിംഗും അശ്വാരൂഢ സേനയും രംഗത്തുണ്ടാകും. ഷാഡോ പോലീസിന്റെ സേവനവും ഇതിനായി പ്രയോജനപ്പെടുത്തുകയും, സ്ത്രീസുരക്ഷക്കായി പിങ്ക് പട്രോൾ, പിങ്ക് ബീറ്റ് എന്നിവരുടെ സേവനവും സജ്ജമാക്കിയിട്ടുണ്ട്.

CCTV ക്യാമറകൾ ഘടിപ്പിച്ചിട്ടുളള വീടുകൾ വീട് പൂട്ടിപ്പോകുമ്പോൾ അത് ഓഫാക്കരുതെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

OFFICE OF THE DISTRICT POLICE CHIEF
Government of Kerala
THIRUVANANTHAPURAM CITY

**P. PRAKASH IPS**
**District Police Chief**
**Thiruvananthapuram City**